## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 4885

01/07/2013 ൽ
മറുപടിക്ക്

### കെ.എഫ്.ഡി.സി. സിനി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | കെ.എഫ്.ഡി.സി സിനി അസിസ്റ്റന്റ് തസ്തികയിലേക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അംഗീകൃത ഒഴിവുകൾ എത്രയുണ്ട് ; ഇതിൽ എത്ര പേർ സ്ഥിര നിയമിതരായുണ്ട് ; ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ; | (എ) | കെ.എഫ്.ഡി.സി യിൽ സിനി അസിസ്റ്റന്റിന്റെ 21 അംഗീകൃത തസ്തികകൾ നിവിലുണ്ട്. ഇതിൽ 10 പേർ റഗുലർ വ്യവസ്ഥയിലുള്ള സ്ഥിരം ജീവനക്കാരാണ്. ദിവസവേതനക്കാർക്ക് സ്ഥിരമായ തസ്തികയൊന്നും അംഗീകരിച്ചു കൊടുത്തിട്ടില്ല. സ്ഥിര ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന അവസരങ്ങളിൽ സിനി അസിസ്റ്റന്റ്മാരായി ദിവസവേതനക്കാരുടെ സേവനം ഉപയോഗിക്കാറുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ; സംവരണ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | നിലവി ലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 7 പേർക്ക് സിനി അസിസ്റ്റന്റായി നിയമനം നല്കിയിട്ടുണ്ട്. ഓപ്പൺ കാറ്റഗറിയിൽ 6 പേർക്കും സംവരണ കാറ്റഗറിയിൽ ഒരാൾക്കുമാണ് നിയമനം നൽകിയിട്ടുള്ളത്. |
| (സി) | റാങ്ക് ലിസ്റ്റ് നിലനിൽക്കേ ദിവസവേതനക്കാർ അതേ തസ്തികയിൽ തുടരുന്നത് 2013 ഏപ്രിൽ 2-ലെ പി & എ.ആർ.ഡി. നമ്പർ 5755/അഡ്വൈ.സി3/2013 സർക്കുലറിന്റെ ലംഘനമാണോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ; | (സി) | സിനി അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കേ ദിവസവേതനക്കാരെ ടി തസ്തികകളിൽ നിയമിച്ചിട്ടില്ലാത്തതിനാൽ സർക്കുലറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത തസ്തികയിലേയ്ക്ക് ഇതുവരെ എസ്.സി./എസ്.ടി. വിഭാഗക്കാരെ റാങ്ക് ലിസ്റ്റിൽ നിന്നും നിമയനം നടത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഓപ്പൺ കാറ്റഗറിയിൽ നിയമിക്കപ്പെട്ട 6-അസിസ്റ്റന്റ് മാരിൽ 4 പേരും, സംവരണ കാറ്റഗറിയിൽ നിയമിക്കപ്പെട്ട ഒരാളും ഉൾപ്പെടെ 5 പേർ ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടവരാണ്. |

സെക്ഷൻ ഓഫീസർ